## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6262** 31.10.2011-ൽ മറുപടിക്ക്

**ശുചിത്വ മിഷൻ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.എഫ്.തോമസ്:<br>'' മോൻസ് ജോസഫ്<br>'' റ്റി..യു.കുരുവിള | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യ .സംസ്കരണത്തിന് പുതുതായി എടുത്ത തീരുമാനമനുസരിച്ച് ശുചിത്വമിഷൻ കൂടുതൽ സഹായ ങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുമോ; | എ) മാലിന്യ സംസ്കരണത്തിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന പദ്ധതികൾക്ക് ശുചിത്വമിഷൻ വഴി കൂടുതൽ സഹായം നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| ബി) പ്രസ്തുത കാര്യത്തിൽ എന്തൊക്കെ സഹായങ്ങൾ നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത് ? | ബി) ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന സംയോജിത മാലിന്യ സംസ്കരണ പദ്ധതികൾക്ക് നിലവിൽ നൽകി വരുന്ന 60% മോ പരമാവധി 7.5 ലക്ഷം രൂപയെന്നത് 75% തുകയോ പരമാവധി 35 ലക്ഷം രൂപയോ എന്നും മുനിസിപ്പാലിറ്റികളിലെ സംയോജിത സംസ്കരണ പ്ലാന്റുകൾക്ക് പ്രോജക്ട് തുകയുടെ 100 ശതമാനവും നൽകുവാൻ കഴിയുമോ എന്ന ശുചിത്വമിഷന്റെ ശുപാർശ സർക്കാരിന്റെ സജീവ പരിഗണന യിലാണ്. കൂടാതെ സമ്പൂർണ്ണ ശുചിത്വ മേഖലയാക്കു ന്നതിന്റെ ഭാഗമായി വീടുകളിൽ സ്ഥാപിക്കുന്ന വിവിധ സംസ്കരണ യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന സബ്സിഡി 50%-ത്തിൽ നിന്നും യൂണിറ്റ് തുകയുടെ 75 ശതമാനം വരെ സബ്സിഡി നൽകാൻ കഴിയുമോ എന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ